6.5 ലക്ഷം ച.അടി. വിസ്തീർണ്ണമുള്ള ആദ്യ ഐ.ടി.കെട്ടിടത്തിന്റെ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. ഇതിൽ സ്ഥലമെടുത്തിരിക്കുന്ന ഐ.ടി. കമ്പനികൾ അവരുടെ fit out ജോലികൾ ഓഗസ്റ്റ് മാസത്തോടുകൂടി ആരംഭിക്കുന്നതാണ്. ഏകദേശം 5000-ൽ പരം ഐ.ടി. ജീവനക്കാർക്ക് ഈ കെട്ടിടത്തിൽ ജോലി ചെയ്യാനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്. 5 കോ-ഡെവലപ്പേഴ്സിന് സ്ഥലം നൽകുവാനുള്ള നടപടികൾ കേന്ദ്ര കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തീകരിച്ച് നിർമ്മാണം ഉടൻതന്നെ ആരംഭിക്കുന്നതാണെന്ന് സ്മാർട്ട് സിറ്റി അധികൃതർ അറിയിച്ചിട്ടുണ്ട്. പ്രസ്തുത കോ-ഡെവലപ്പേഴ്സ് ഏകദേശം 43 ലക്ഷം ച. അടി. വിസ്തീർണ്ണത്തിൽ കെട്ടിടങ്ങൾ നിർമ്മിച്ച്, 40000-ൽ അധികം ഐ.ടി. ജീവനക്കാർക്കും വളരെയധികം സർവ്വീസ് പ്രൊവൈഡേഴ്സ് ജീവനക്കാർക്കും തൊഴിൽ ലഭ്യമാക്കുന്നതാണ്. മേൽപ്പറഞ്ഞ പുരോഗതി കണക്കിലെടുത്താൽ സംസ്ഥാനത്തിന് നഷ്ടം സംഭവിക്കാൻ സാധ്യതയുള്ളതായി കരുതുന്നില്ല.

ഡാമുകളുടെ സുരക്ഷ

28 (*508) ശ്രീ. എം. ഉമ്മർ :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :

ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഡാമുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പ്രത്യേക പദ്ധതി നിലവിലുണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഏതൊക്കെ ഡാമുകളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) ഉണ്ട്. ലോകബാങ്ക് സഹായത്തോടെ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (DRIP) നടപ്പാക്കിവരുന്നു.

(ബി) ഡാമുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനും വേണ്ടി ലോക ബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയാണ് DRIP. ഈ പദ്ധതിയുടെ 80 ശതമാനം ചെലവ് ലോകബാങ്ക് വായ്പയായും ബാക്കി 20 ശതമാനം സംസ്ഥാന സർക്കാർ ബഡ്ജറ്ററി സപ്പോർട്ടുമാണ് 18-4-2012 മുതൽ 6 വർഷക്കാലം കൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ 12 പദ്ധതികളിലെ 37 ഡാമുകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 29-1-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം 25.41 മില്യൺ ഡോളറിന്റെ (153.731 കോടി രൂപ) ഭരണാനുമതി നൽകിയിട്ടുണ്ട്. 8 പദ്ധതികളിലെ ഡാമുകളുടെ ഒന്നാംഘട്ട വർക്കുകൾ ടെണ്ടർ ചെയ്തു. ഇതിൽ രണ്ടു പദ്ധതികളുടെ വർക്കുകൾ അവാർഡ് ചെയ്തു.

(സി) അനുബന്ധമായി ചേർക്കുന്നു.*

വൈദ്യുതി നിയമ ഭേദഗതി ബിൽ

29 (*509) പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി നിയമം 2003 ഭേദഗതി ചെയ്യുന്നതിന് എന്തെങ്കിലും ബില്ല് പാർലമെന്റിന്റെ പരിഗണനയിലുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ഭേദഗതി ബില്ലിൽ വൈദ്യുതി വിതരണ മേഖലയെ വിഭജിക്കുന്നതിന് നിർദ്ദേശമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇത്തരത്തിലുള്ള ഒരു വിഭജനം വൈദ്യുതി ഉപഭോക്താക്കളെ പ്രതികൂലമായി ബാധിക്കുമോ ;

(ഡി) പ്രസ്തുത നിയമഭേദഗതിക്കുള്ള നിർദ്ദേശം വന്നത് ഏത് കാലത്താണെന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly